**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **28-06-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങൽകുത്ത്, ഷോളയാർ ഹൈഡൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ പെരിങ്ങൽകുത്ത്, ഷോളയാർ എന്നീ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ ഹൈഡൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓണം സീസൺ ആകുമ്പോഴേക്കും പദ്ധതികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളാണ് നടത്തി വരുന്നത് |
| (ബി) | പെരിങ്ങൽകുത്ത് ഡാമിൽ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഡാമിന്റേയും അനുബന്ധ സ്ട്രക്ച്ചറുകളുടേയും സുരക്ഷയെ ബാധിക്കാത്ത വിധത്തിൽ ഹൈഡൽ ടൂറിസം വിഭാഗം മുഖേന പെരിങ്ങൽകുത്ത് ഡാമിലെ ബോട്ടിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ജീർണ്ണാവസ്ഥയിൽ ഉപയോഗശൂന്യമായ പെരിങ്ങൽകുത്തിലേയും ഷോളയാറിലേയും ഡാമുകളോട് ചേർന്നുള്ള കെ.എസ്.ഇ.ബി യുടെ ക്വാർട്ടേഴ്സുകൾ അറ്റകുറ്റപണി നടത്തി വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പെരിങ്ങൽകുത്ത്, ഷോളയാർ എന്നിവിടങ്ങ- ളിൽ കെ.എസ്.ഇ.ബി-യിൽ നിന്നും ഹൈഡൽ ടൂറിസത്തിന് അനുവദിച്ചിരിക്കുന്ന ക്വാർട്ടേഴ്സു കൾ നവീകരിച്ച് വിനോദ സഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ 2015-ലെ ബോർഡ് ഉത്തരവു പ്രകാരം ഹൈഡൽ ടൂറിസത്തിന് നടത്തിപ്പിനായി നൽകിയിട്ടുള്ള പെരിങ്ങൽ കുത്തിലെ 7 ക്വാർട്ടേഴ്സുകളും ഷോളയാറിലെ 7 ക്വാർട്ടേഴ്സുകളും നവീകരിച്ച് ഹൈഡൽ ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി വിനോദ സഞ്ചാരികൾക്ക് ഓൺലൈനായി ബുക്ക് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും, കെ.എസ്.ഇ.ബി ക്വാർട്ടേഴ്സു കൾ നവീകരിക്കുന്നതിന് കരാറുകാർ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് ആർ. എഫ്. പി ക്ഷണിക്കുന്നതിനുള്ള അനുവാദത്തി നുമുള്ള തുടർനടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ